(ബി) ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന ആക്ഷേപം പരിഗണിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം ഏർപ്പെടുത്താൻ തയ്യാറാകുമോ;

(സി) നാരായണന്റെ കൊലപാതകത്തിന് ഉത്തരവാദികളായവരെ കണ്ടെത്താൻ പോലീസ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) കുറ്റവാളിയെ രക്ഷപ്പെടുത്താൻ ചില കേന്ദ്രങ്ങൾ ശ്രമിച്ചുവെന്ന ആരോപണം ഉയർന്നിട്ടുള്ള സാഹചര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തുവാൻ ഉത്തരവുണ്ടാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ലോക്കൽ പോലീസ് കേസ് ഊർജ്ജിതമായി അന്വേഷിച്ചു വരുന്നതിനാൽ ക്രൈംബ്രാഞ്ചിന് കൈമാറേണ്ട ആവശ്യമില്ല.

(സി) ഇതുവരെയുള്ള അന്വേഷണത്തിൽ ടി കേസ് കൊലപാതകമാണെന്ന് തെളിഞ്ഞിട്ടില്ല.

(ഡി) ഇത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. പോലീസ് ഊർജ്ജിതവും നീതിയുക്തവുമായ അന്വേഷണം നടത്തിവരുന്നുണ്ട്.

ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട്

24 [825] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാത്തുക്കൽ മദ്യദുരന്തത്തെപ്പറ്റി അന്വേഷിച്ച ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചതെന്നാണെന്നും, അതിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഈ റിപ്പോർട്ട് എത്ര കാലത്തിനുള്ളിൽ നിയമസഭയിൽ സമർപ്പിക്കേണ്ടതാണ്;

(സി) അപ്രകാരം റിപ്പോർട്ട് സമർപ്പിക്കാതിരിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) നിയമസഭയിൽ സമർപ്പിക്കാതെ ഈ റിപ്പോർട്ട് ഏതെങ്കിലും കോടതിയിലോ മറ്റ് അധികാര സ്ഥാപനങ്ങളിലോ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കല്ലുവാതുക്കൽ മദ്യദുരന്തത്തെപ്പറ്റി അന്വേഷിച്ച ശ്രീ. ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ 25-2-2003-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. കമ്മീഷൻ ശുപാർശകളിൽ എക്സൈസ് വകുപ്പിനെ സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുകയും നിലവിലുള്ള എക്സൈസ് ചട്ടങ്ങളിലും നിയമങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ വേണ്ടി ഒരു ഹൈലെവൽ കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയും ചെയ്യുന്നു. മദ്യദുരന്തവുമായി ബന്ധപ്പെട്ട എക്സൈസ്-പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ വ്യവസ്ഥകളനുസരിച്ച് റിപ്പോർട്ട് ആറുമാസത്തിനുള്ളിൽ നിയമസഭയിൽ സമർപ്പിക്കേണ്ടതാണ്.

(സി) റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായും നടപ്പിലാക്കാത്ത സാഹചര്യത്തിലാണ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കാത്തത്.

(ഡി) ഇല്ല.

ഗുണ്ടാമർദ്ദനവുമായി ബന്ധപ്പെട്ട കേസുകൾ

25 [826] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണ്ടാമർദ്ദനവുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തതിൽ എത്ര പ്രതികൾ ജയിലിൽ ശിക്ഷ അനുഭവിക്കുന്നുണ്ട്; എത്ര കേസുകൾ വെറുതേ വിട്ടിട്ടുണ്ട്;

(ബി) ഗുണ്ടകളെ അമർച്ച ചെയ്യാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംഘടിതവും അല്ലാതെയും ഉള്ള കൂലിത്തല്ലുകാരുടേയും സംഘടിത കുറ്റവാളികളുടേയും അക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വർദ്ധിച്ചു വരുന്ന സംഘടിത കുറ്റവാളികളുടേയും സംഘടിതവും അല്ലാതെയുമുള്ള കൂലിത്തല്ലുകാരുടേയും റൗഡി ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി, അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിച്ചും, മുൻകൂർ അറസ്റ്റ്, നല്ല നടപ്പ് തുടങ്ങി (സി.ആർ.പി.സി.107,110) നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly